LIBRARY ARCHIVES Kerala Legislative Assembly

കണിയാമ്പറ്റ കുടിവെള്ള പദ്ധതി

206 (4492) ശ്രീ. എം. വി. ശ്രേയാംസ് കുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൽപ്പറ്റ നിയോജകമണ്ഡലത്തിലെ കണിയാമ്പറ്റ കുടിവെള്ള പദ്ധതിയുടെ പ്രവർത്തന പുരോഗതി വിശദമാക്കുമോ;

(ബി) പ്രസ്തുത പദ്ധതിയുടെ പൈപ്പ് ലൈൻ എക്സ്റ്റൻഷൻ പ്രവർത്തനങ്ങൾ പൂർത്തിയാക്കിയിട്ടുണ്ടോ ; വിശദമാക്കുമോ;

(സി) പ്രസ്തുത പദ്ധതി എന്നേയ്ക്ക് പൂർത്തിയാക്കാനാകുമെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) കണിയാമ്പറ്റ ഗ്രാമീണ ശുദ്ധജല വിതരണ പദ്ധതി 2013 മാർച്ച് മാസത്തിൽ കമ്മീഷൻ ചെയ്ത നല്ല രീതിയിൽ പ്രവർത്തിച്ചുവരുന്നു.

(ബി) പൈപ്പ് ലൈൻ എക്സ്റ്റൻഷൻ പ്രവൃത്തികൾക്കായി ടെണ്ടർ ക്ഷണിച്ച് പണി തുടങ്ങാനുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ട്.

(സി) 2015 മാർച്ച് മാസത്തോടുകൂടി പൂർത്തിയാകുമെന്ന് പ്രതീക്ഷിക്കുന്നു.

ജലസംരക്ഷണത്തിനും ശുദ്ധജലവിതരണത്തിനുമുള്ള പദ്ധതികൾ

207(4493) ശ്രീ. ഡൊമിനിക് പ്രസന്റേഷൻ :
ശ്രീ. ജോസഫ് വാഴയ്ക്കൻ :
ശ്രീ. ടി. എൻ. പ്രതാപൻ :
ശ്രീ. വി. ഡി. സതീശൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ജലസംരക്ഷണത്തിനും ശുദ്ധജലവിതരണത്തിനും നടപ്പിലാക്കിവരുന്ന നടപടികൾ വിശദമാക്കുമോ;

(ബി) ജലസംരക്ഷണത്തിനായി പഞ്ചായത്തുകളിലെ കുളങ്ങളും തോടുകളും സംരക്ഷിക്കുന്നതിനും നവീകരിക്കുന്നതിനും എന്തെല്ലാം പുതിയ നടപടികൾ സ്വീകരിക്കുമെന്ന് വ്യക്തമാക്കുമോ;

(സി) മിഷൻ 676-ൽ ഉൾപ്പെടുത്തി എന്തെല്ലാം പദ്ധതികളാണ് ഇതിനായി തയ്യാറാക്കാൻ ഉദ്ദേശിക്കുന്നത്; വിശദാംശങ്ങൾ വ്യക്തമാക്കുമോ?

ഉത്തരം

(എ) ജലസേചനവകുപ്പ്

സംസ്ഥാനത്തിന്റെ വിവിധ ഭാഗങ്ങളിലായി തടയണ വി.സി.ബി. എന്നിവ നിർമ്മിച്ചും, സംരക്ഷണ പദ്ധതികൾ നടപ്പിലാക്കിയും, RRR of pond, ഒരു പഞ്ചായത്തിൽ ഒരു കുളം, നബാർഡ്, 13 - ാം ധനകാര്യ കമ്മീഷൻ എന്നീ പദ്ധതികളിൽ ഉൾപ്പെടുന്ന പ്രവൃത്തികൾ ഏറ്റെടുത്തും ജലസംരക്ഷണത്തിനായുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

ഭൂജലവകുപ്പ്

ഭൂജല സംരക്ഷണത്തിനായി ഭൂജല വകുപ്പ് 'ഭൂജല സംരക്ഷണവും കൃത്രിമ ഭൂജല സംപോഷണവും' എന്ന പദ്ധതി പ്രകാരം ഭൂജല വിതാനം കുറഞ്ഞ സ്ഥലങ്ങളിൽ ഭൂജല സംപോഷണം നടത്തിവരുന്നു; തടയണകൾ, അടിയണകൾ, തുറന്ന കിണറുകൾ വഴിയുള്ള ഭൂജല സംപോഷണം എന്നിവ ഈ പദ്ധതിയിൻ കീഴിൽ നടപ്പാക്കിവരുന്നു.

ഇതുകൂടാതെ ഭൂജലത്തിന്റെ ഉപയോഗം നിയന്ത്രിക്കുന്നതിനും ക്രമീകരിക്കുന്നതിനുമായി 2002-ലെ ഭൂജല (നിയന്ത്രണവും ക്രമീകരണവും) ആക്ട് ഫലപ്രദമായി നടപ്പാക്കിവരുന്നു. ഇതിലെ വ്യവസ്ഥകൾ അനുസരിച്ച് അമിത ജലചൂഷണവും ഉപയോഗവും ഉള്ളതായി വിജ്ഞാപനം ചെയ്യപ്പെട്ടിട്ടുള്ള ബ്ലോക്കുകളിൽ കിണറുകൾക്ക് പെർമിറ്റ് ബാധകമായിട്ടുണ്ട്.

കേരള വാട്ടർ അതോറിറ്റി

ജലസംരക്ഷണം ഉറപ്പുവരുത്തുന്നതിനും നദികളിലെ നീരൊഴുക്ക് സ്ഥായിയായി നിലനിർത്തുന്നതിനുമായി ചെക്ക് ഡാമുകൾ നിർമ്മിക്കാറുണ്ട്. കൂടാതെ ജലം മലിനീകരിക്കാതിരിക്കുന്നതിന് പ്രത്യേകിച്ച് ഓരുജലം, ഉപ്പുവെള്ളം എന്നിവ കയറി കുടിവെള്ള സ്രോതസ്സുകൾ ഉപയോഗയോഗ്യമല്ലാതായി മാറാതിരിക്കാൻ തടയണകൾ നിർമ്മിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കാറുണ്ട്. ജല അതോറിറ്റിയുടെ കുടിവെള്ള സ്രോതസ്സുകൾക്ക് സമീപം പരസ്യ ബോർഡുകൾ സ്ഥാപിച്ചും പത്ര മാധ്യമങ്ങളിലൂടെ ബോധവൽക്കരണം നടത്തിയും മലിനീകരണം തടഞ്ഞ് ജലം സംരക്ഷിക്കുവാനുള്ള ശ്രമങ്ങൾ നടന്നുവരുന്നു. ശുദ്ധജല വിതരണത്തിനായി സ്രോതസ്സുകൾ, ശുദ്ധീകരണശാല, പമ്പ് ഹൗസ്, വിതരണ കുഴലുകൾ ഇവ കൃത്യമായി നിരീക്ഷിക്കുകയും 24 മണിക്കൂറും കാര്യക്ഷമമാണെന്ന് ഉറപ്പുവരുത്തുകയും ചെയ്യുന്നു. കൂടാതെ അറ്റകുറ്റപ്പണികൾ യഥാസമയം നടത്തി ശുദ്ധജലവിതരണം മെച്ചപ്പെടുത്തി വരുന്നു. നിലവിലുള്ള പദ്ധതികളിൽ ജലലഭ്യത

LIBRARY ARCHIVES Kerala Legislative Assembly

ഉറപ്പാക്കുന്നതിനായി ജലസ്രോതസ്സുകളുടെ നവീകരണവും ജലവിതരണം സുഗമമാക്കുന്നതിന് കാലപ്പഴക്കം ചെന്ന പൈപ്പുകൾ മാറ്റി സ്ഥാപിക്കൽ, പമ്പ് മാറ്റി സ്ഥാപിക്കൽ എന്നീ പണികളും സമയാസമയങ്ങളിൽ നടപ്പാക്കുന്നുണ്ട്. കൂടാതെ വർദ്ധിച്ചുവരുന്ന ഉപഭോഗം കണക്കിലെടുത്ത് പുതിയ പദ്ധതികൾ കേന്ദ്രസർക്കാർ, നബാർഡ് തുടങ്ങിയവയുടെ സഹായത്തോടെ ആവിഷ്കരിച്ചു നടപ്പിലാക്കിവരുന്നു. ജല ശുദ്ധീകരണത്തിനായി ശാസ്ത്രീയ മാർഗ്ഗങ്ങൾ അവലംബിക്കുകയും ക്വാളിറ്റി കൺട്രോൾ വിഭാഗം വഴി ഗുണനിലവാരം ഉറപ്പുവരുത്തിയുമാണ് ശുദ്ധജല വിതരണം നടത്തുന്നത്.

ജലനിധി

ലോകബാങ്ക് സഹായത്തോടെ കേരള സർക്കാർ നടപ്പിലാക്കുന്ന ഗ്രാമീണ ശുദ്ധജല വിതരണ പദ്ധതി (ജലനിധി) മുഖേന 92 ഗ്രാമപഞ്ചായത്തുകളിലായി 1650 ശുദ്ധജല പദ്ധതികൾ നടപ്പിലാക്കിവരുന്നു. മേൽ പറഞ്ഞ പഞ്ചായത്തുകളിൽ തയ്യാറാക്കിയിട്ടുള്ള ജലസുരക്ഷാ പഠന റിപ്പോർട്ടിൽ നിർദ്ദേശിച്ചിട്ടുള്ള ചെറിയ ചെക്ക് ഡാം, ഭൂഗർഭ തടയണ, മേൽക്കൂരവഴി ശേഖരിക്കുന്ന മഴവെള്ള സംഭരണി, കിണറുകളുടെ പരിപോഷണം തുടങ്ങിയവയിലൂടെ ജലസംരക്ഷണ പ്രവർത്തനങ്ങൾ നടത്തിവരുന്നു.

(ബി) പഞ്ചായത്തിലെ കുളങ്ങൾ സംരക്ഷിക്കുന്നതിനായി ഇനിയും അംഗീകാരം കിട്ടിയിട്ടില്ലാത്ത പഞ്ചായത്തുകളിലെ കുളങ്ങൾ സംബന്ധിച്ച് അതത് മണ്ഡലങ്ങളിലെ എം.എൽ.എ. മാരുമായി കൂടിയാലോചിച്ച ശേഷം, കുളങ്ങളെ പ്രസ്തുത പദ്ധതിയിൽ ഉൾപ്പെടുത്തുന്നതിനായുള്ള നടപടി, കേന്ദ്രസഹായത്തോടെ നടപ്പിലാക്കുന്ന ആർ.ആർ.ആർ. പദ്ധതിയിൽ ഉൾപ്പെടുത്തി കുളങ്ങൾ സംരക്ഷിക്കുന്നതിനായുള്ള നടപടികൾ, തോടുകൾ സംരക്ഷിക്കുന്നതിനായുള്ള പ്രവൃത്തികൾ മുതലായവ ഫണ്ടിന്റെ ലഭ്യതയനുസരിച്ച് ഏറ്റെടുത്ത് നടപ്പിലാക്കിവരുന്നു.

കൂടാതെ അണ്ടൂർക്കോണം പഞ്ചായത്തിലെ ആനത്താഴ്ചിറക്കുളം-പുനരുദ്ധാരണം-രണ്ടാം ഘട്ടം (441 ലക്ഷം രൂപ), പാറശ്ശാല പഞ്ചായത്തിലെ വണ്ടിച്ചിറക്കുളം പുനരുദ്ധാരണം (244 ലക്ഷം രൂപ), കോട്ടയം ജില്ലയിലെ കുറോപ്പട ഗ്രാമപഞ്ചായത്തിലെ കുളം നവീകരണം (13.85 ലക്ഷം രൂപ) എന്നീ പദ്ധതികൾ കേരള വാട്ടർ അതോറിറ്റി ഏറ്റെടുത്ത് നടപ്പിലാക്കി വരുന്നു.

(സി) ജലസംരക്ഷണത്തിനായി 'മിഷൻ 676 '-ൽ ഉൾപ്പെടുത്തി പദ്ധതികൾ ആവിഷ്കരിച്ചിട്ടില്ല.

LIBRARY ARCHIVES Kerala Legislative Assembly

'മിഷൻ 676 '-ൽ ഉൾപ്പെടുത്തി ജല അതോറിറ്റി നടപ്പിലാക്കുന്ന പദ്ധതികൾ അനുബന്ധമായി ചേർത്തിരിക്കുന്നു*. ഏകദേശം 9.6 ലക്ഷം ഗ്രണഭോക്താക്കൾക്ക് കുടിവെള്ളം ലഭ്യമാക്കുന്നതിനായി ജലനിധി 1550 ശുദ്ധജല വിതരണ പദ്ധതികൾ 'മിഷൻ 676 '-ൽ ഉൾപ്പെടുത്തിയിട്ടുണ്ട്. ഭൂജലവകുപ്പ്, 859 ചെറുകിട കുടിവെള്ള വിതരണ പദ്ധതികൾ, 629 കൈപ്പമ്പ് പദ്ധതികൾ, 2044 കൈപ്പമ്പ് അറ്റകുറ്റപ്പണികൾ എന്നിവ മിഷൻ 676 മുഖാന്തിരം നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നുണ്ട്.

കനാൽ റോഡ് നിർമ്മാണ പദ്ധതികൾക്ക് അനുവദിച്ച തുക

208 (4494) ശ്രീ. ഇ. പി. ജയരാജൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2014-2015 സാമ്പത്തിക വർഷം കനാൽ റോഡുകളുടെ നിർമ്മാണത്തിനും പുനരുദ്ധാരണത്തിനുമായി എത്ര തുക വകയിരുത്തിയിട്ടുണ്ട്;

(ബി) ഏതെല്ലാം കനാൽ റോഡ് നിർമ്മാണപദ്ധതികൾക്ക് ഭരണാനുമതി നൽകുകയുണ്ടായി; ഓരോ പ്രവൃത്തിക്കും അനുവദിച്ച തുക എത്രയാണ്;

(സി) കണ്ണൂർ ജില്ലയിലെ ഏതെല്ലാം കനാൽ റോഡ് നിർമ്മാണ പ്രവൃത്തികളുടെ നിർദ്ദേശങ്ങളാണ് പരിഗണനയിലുള്ളത്?

ഉത്തരം

(എ) 2014-15 സാമ്പത്തികവർഷം കനാൽ റോഡുകളുടെ നിർമ്മാണത്തിനും പുനരുദ്ധാരണത്തിനുമായി 4701-80-800-76-02 മൻഗണനാ പ്രവൃത്തികൾ എന്ന ശീർഷകത്തിൽ 1000 രൂപ ടോക്കൺ തുക മാത്രമേ വകയിരുത്തിയിട്ടുള്ളൂ. കുറ്റ്യാടി ജലസേചന പദ്ധതി ഡിവിഷനിൽ ആസ്തി വികസന പദ്ധതിയിൽ ഉൾപ്പെടുത്തി മൂന്ന് കനാൽ റോഡുകൾക്കായി 75 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്. കൂടാതെ കാരാപ്പുഴ ജലസേചന പദ്ധതിയുടെ ഇടതുകര വലതുകര കനാൽ ഇൻസ്പെക്ഷൻ റോഡുകളുടെ നിർമ്മാണത്തിനും പുനരുദ്ധാരണത്തിനുമായി 169 ലക്ഷം രൂപ 2014-15 വർഷത്തെ ആക്ഷൻ പ്ലാനിൽ വകയിരുത്തിയിട്ടുണ്ട്.

(ബി) കുറ്റ്യാടി ജലസേചന പദ്ധതിയിൽ

1. കുന്നമ്മൽ ഗ്രാമപഞ്ചായത്ത് -KYIP (RBMC)- ചെയിനേജ് 21/950 കി.മീറ്ററിനും 22/500 കി.മീറ്ററിനും ഇടയിൽ റോഡ് നിർമ്മാണം - 50 ലക്ഷം രൂപ.

2. മുട്ടോളി അംഗൻവാടി റോഡ് നിർമ്മാണം - 10 ലക്ഷം രൂപ.

3. കനാൽ സ്റ്റോപ്പ് - വാണിയേരിതാഴം റോഡ് - വാർഡ് നമ്പർ 12 - കക്കോടി - 15 ലക്ഷം രൂപ.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly